പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4101 | 24.10.2016-ൽ മറുപടിക്ക്

## വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ സമയബന്ധിതമായി നൽകാൻ നടപടി

ശ്രീ. യു.ആർ. പ്രദീപ് | ശ്രീ. പിണറായി വിജയൻ (ബഹു. മുഖ്യമന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) സംസ്ഥാനത്തെ പല പൊതുമേഖലാ സ്ഥാപനങ്ങളും വകുപ്പുകളും അവയുടെ വാർഷിക റിപ്പോർട്ടുകൾ രണ്ടും മൂന്നും വർഷം കഴിഞ്ഞാണ് തയ്യാറാക്കി സമർപ്പിക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ സമയബന്ധിതമായി തയ്യാറാക്കി സമർപ്പിക്കുന്നതിനും, അതു പ്രകാരം വിലയിരുത്തലുകൾ നടത്തി യുക്തമായ നടപടി സ്വീകരിക്കുന്നതിനും ആവശ്യമായ നിർദ്ദേശം ഡിപ്പാർട്ടുമെന്റുകൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും നൽകുമോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ? | (ബി) 30.7.2016 ലെ പിഎൻഡി-ബി3/259/2016-പിഎൻഡി നമ്പർ സർക്കുലർ പ്രകാരം അതാതു വകുപ്പുകളുടെ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ സാമ്പത്തിക വർഷം അവസാനിച്ച് ആറു മാസത്തിനകം നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതാണ് എന്ന് എല്ലാ വകുപ്പുകൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. 27/02/2006-ലെ 1334/ബി പി ഇ2/06/Plg നമ്പർ സർക്കുലർ പ്രകാരം വാർഷിക റിപ്പോർട്ടുകൾ സമയബന്ധിതമായി നിയമസഭയിൽ സമർപ്പിക്കുന്നതിന് എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെയും ചീഫ് എക്സിക്യൂട്ടീവിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ